**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3667 — 15.03.2018 -ൽ മറുപടിക്ക്

## പൈതൃക ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. ശശീന്ദ്രൻ<br>ശ്രീ. ഡി.കെ. മുരളി<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. എം. സ്വരാജ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) പൈതൃക ടൂറിസം മേഖലയിൽ സംസ്ഥാനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള പൈതൃക ടൂറിസം പദ്ധതികൾ<br>1. മുസിരിസ് പൈതൃക പദ്ധതി.<br>2. തലശ്ശേരി പൈതൃക ടൂറിസം പദ്ധതി.<br>3. ആലപ്പുഴ പൈതൃക ടൂറിസം പദ്ധതി<br>എന്നിവയാണ്. ഇതിൽ മുസിരിസ് പൈതൃക പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ ഈ പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കും. ആലപ്പുഴ പൈതൃക ടൂറിസം പദ്ധതിയുടെ സമഗ്രമായ DPR തയ്യാറാക്കി വരുന്നു. |
| ബി) മുസിരിസ് പൈതൃക ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; | ബി) രണ്ടാംഘട്ട വികസന പ്രവൃത്തികൾ താഴെ വിവരിക്കുന്നു.<br>1. 8 മ്യൂസിയങ്ങളുടെ അടിസ്ഥാന വികസനവും, ഗുണനിലവാരം ഉയർത്തലും.<br>2. മാള സിനഗോഗ്<br>3. മാള ജ്യൂവിഷ് സെമിത്തേരി |

4. വൈപ്പിക്കോട്ട സെമിനാരി

5. ചേന്ദമംഗലം മാറ്റചന്ത

6. ഗോതുരുത്ത് ചവിട്ടു നാടക മ്യൂസിയം

7. കേശവദേവിന്റെ ജന്മഗൃഹപുനരുദ്ധാരണവും, സാഹിത്യ മ്യൂസിയം സ്ഥാപിക്കലും

8. പറവൂർ ജൂതഗൃഹത്തിന്റെ പുനരുദ്ധാരണവും സംരക്ഷണവും

9. ചേന്ദമംഗലം ചണ മ്യൂസിയം

10. പള്ളിപ്പുറം പോലീസ് / മിലിട്ടറി മ്യൂസിയം

11. ക്രിസ്ത്യൻ ലൈഫ് സ്റ്റൈൽ മ്യൂസിയം, അഴീക്കോട്.

12. കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്ര മ്യൂസിയം

13. ചേന്ദമംഗലം ജൂതഗൃഹം പുനരുദ്ധാരണം

14. എസ്.എൻ. പുരം സെയ്ദ് മുഹമ്മദ് സ്മാരകം

15. ഇലവഞ്ചിക്കുളം നവീകരണം

16. ബംഗ്ലാക്കടവ് നവീകരണം

17. പട്ടണം ഇന്റർപ്രട്ടേഷൻ സെന്റർ

18. ഹോളിക്രോസ് ഇന്റർപ്രട്ടേഷൻ സെന്റർ

19. 5 ബോട്ട് ജെട്ടികൾ

മേൽ വിവരിച്ച പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

| | |
|---|---|
| സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. അതിനുവേണ്ടി ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 5.4.2017-നും ബഹു. ധനകാര്യ വകുപ്പ് മന്ത്രിയും ടൂറിസം - സഹകരണ വകുപ്പ് മന്ത്രിയും പങ്കെടുത്തുകൊണ്ട് 11.10.2017-നും അവലോകന യോഗങ്ങൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടൂറിസം സെക്രട്ടറി 11.8.2016 നും 5.12.2016 നും അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. 3 മാസം കൂടുമ്പോൾ മുസിരിസ് ഡയറക്ടർ ബോർഡ് കൂടി പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നുണ്ട്. ഇതിനകം പട്ടണം ഇന്റർ പ്രട്ടേഷൻ സെന്റർ, |

| | | | |
|---|---|---|---|
| | | | ഹോളിക്രോസ് ഇന്റർപ്രട്ടേഷൻ സെന്റർ, കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്ര മ്യൂസിയം എന്നിവയ്ക്ക് വേണ്ടി 9.43 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾ ടെൻഡറിംഗ് സ്റ്റേജിലാണ്. കൂടാതെ 5 ബോട്ട് ജെട്ടികൾ നിർമ്മിക്കുന്നതിനുവേണ്ടി 2.25 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ബോട്ട് ജെട്ടികളും ടെൻഡറിംഗ് സ്റ്റേജിലാണ്. മാള സിനഗോഗിന് 5 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനും മിശ്രഭോജൻ സ്മാരകത്തിന് 3 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. മുസിരിസ് പ്രോജക്ടിൽ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കിയ കെട്ടിടങ്ങളുടെയും മ്യൂസിയങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി 1.09 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ നടന്നു വരികയും ചെയ്യുന്നു. |
| ഡി) | മുസിരിസ് പൈതൃക പദ്ധതിയിൽ മ്യൂസിയങ്ങൾ, കൊട്ടാരങ്ങൾ, കോട്ടകൾ, മറ്റ് ചരിത്ര സ്മാരകങ്ങൾ എന്നിവ ജലപാത വഴി ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ഡി) | ഉണ്ട്. പദ്ധതി പ്രദേശത്തുള്ള മ്യൂസിയങ്ങളും പൈതൃക സ്മാരകങ്ങളും ബന്ധിപ്പിച്ചു കൊണ്ട് ഹോപ്പ് ഓൺ ഹോപ്പ് ഓഫ് ബോട്ട് സർവ്വീസ് നടത്തി വരുന്നുണ്ട്. മറ്റ് ചരിത്ര സ്മാരകങ്ങളെ ജലപാത വഴി ബന്ധിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.